അർഹരെന്ന് പൂർണ്ണമായ ബോദ്ധ്യമുള്ളവരെ മാത്രം ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച Targeted Public Distribution System ആരംഭിക്കുന്നത് 1-6-1997-ലാണ്. ബി.പി.എൽ., എ.പി.എൽ. തരം തിരിവുണ്ടായപ്പോൾ പല മേഖലകളിലും പഞ്ചായത്തുകൾക്ക് നേതൃത്വം കൊടുത്ത ആളുകൾ അവരുടെ താൽപ്പര്യക്കാരെ കൊണ്ടുവരുന്നതിനു വേണ്ടി ബി.പി.എൽ. ലിസ്റ്റിൽ അനർഹരെ കടത്തിക്കൊണ്ടുവന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. തോട്ടം തൊഴിലാളി മേഖലയിലെ ഒരേ ലയത്തിൽത്തന്നെ താമസിക്കുന്ന അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകളെ തരം തിരിച്ചതിലുള്ള അപാകതകൾ അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചു. അത്തരം കാര്യങ്ങൾ പരിശോധിച്ച് അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(8) മിശ്രവിവാഹിതരായ പട്ടികജാതി-വർഗ്ഗക്കാരുടെ മക്കൾക്ക് അച്ഛന്റെ ജാതി മാത്രമേ പരിഗണിക്കാൻ പാടുള്ളൂവെന്ന സർക്കാർ നിലപാട്

ശ്രീ. എൻ. രാജൻ: സർ, 1958-ലാണ് മിശ്രവിവാഹിതരായ പട്ടിക വിഭാഗക്കാരുടെ കുട്ടികളെ പട്ടിക വിഭാഗക്കാരായി കണക്കാക്കുന്ന സർക്കാർ ഉത്തരവ് സംസ്ഥാനത്ത് നിലവിൽ വന്നത്. 1958 മുതൽ നിലവിലുണ്ടായിരുന്ന തീരുമാനം 2005 മാർച്ച് 22-ലെ സർക്കാരിന്റെ ഒരു ഉത്തരവിൽക്കൂടി റദ്ദ് ചെയ്തിരിക്കുകയാണ്. ഇത് ഒരു സാമൂഹ്യ വിഷയമായി മാറിയിരിക്കുകയാണ്. മിശ്രവിവാഹിതരുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം ചെയ്യാൻ കഴിയുന്നില്ല. ജോലി തേടി പി.എസ്.സി.-യെ സമീപിക്കുമ്പോഴും സർട്ടിഫിക്കറ്റ് വാങ്ങാൻ പോകുമ്പോഴും അവർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നു. മിശ്രവിവാഹിതരുടെ സംഘടന ഇങ്ങനെ ഒരു ആവശ്യം ഉന്നയിച്ചപ്പോൾ 2005 ജൂൺ 20-ന് സർക്കാർ ഒരു ഉത്തരവ് ഇറക്കി. ആ ഉത്തരവിൽ പറയുന്നത് മിശ്രവിവാഹിതരായ പട്ടിക വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ കുട്ടികളെ പട്ടിക വിഭാഗമായി കണക്കാക്കില്ല എന്നാണ്. പിന്നേയും അവർക്ക് വലിയ ബുദ്ധിമുട്ടുണ്ടായി. അവർ പിന്നെ ഹൈക്കോടതിയെ സമീപിച്ചു. അപ്പോൾ ഹൈക്കോടതി പറഞ്ഞത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ കുട്ടികളെ പട്ടിക വിഭാഗക്കാരായി കണക്കാക്കാം എന്നാണ്. അതു കഴിഞ്ഞിട്ട് ഇപ്പോൾ ഏഴെട്ടു മാസം കഴിഞ്ഞു. ഇത് ഗവൺമെന്റ് പരിഗണനയിലെടുക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീ. ബിനോയ് വിശ്വവും അടക്കമുള്ളവർ മുഖ്യമന്ത്രിയെക്കണ്ട് ഈ വിവരങ്ങൾ സംസാരിച്ചിട്ടുണ്ട്. ഇത് സാമൂഹ്യമായ വലിയ ഒരു വിഷയമായി മാറിയിരിക്കുകയാണ്. 2005 ആഗസ്റ്റ് 10-നാണ് ഹൈക്കോടതി ഇങ്ങനെ ഒരു ഉത്തരവ് പുറപ്പെടുവിച്ചത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ച് അടിയന്തിരമായി ഒരു തീരുമാനമുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

പട്ടികസമുദായക്ഷേമവും യുവജന, സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയും അതിനുമുൻപായി ഹൈക്കോടതി ഫുൾ ബഞ്ചും പുറപ്പെടുവിച്ച വിധികളുടെ അടിസ്ഥാനത്തിലാണ് പട്ടിക വിഭാഗക്കാരുൾപ്പെട്ട മിശ്രവിവാഹിത ദമ്പതിമാരുടെ കുട്ടികളുടെ ജാതി നിർണ്ണയം സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കേരള ഹൈക്കോടതി പരിഗണിച്ച മറ്റൊരു കേസിൽ കുട്ടികളുടെ ജീവിത സാഹചര്യം

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിച്ച് അമ്മയുടെ ജാതിയുംകൂടി കുട്ടികൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ പരിഗണിക്കേണ്ടതാണെന്ന പരാമർശം ഉണ്ടായി. ഈ പരാമർശം അടങ്ങിയ വിധി സുപ്രീംകോടതി താൽക്കാലികമായി റദ്ദാക്കിയിരിക്കുകയാണ്. എങ്കിൽപ്പോലും അമ്മയുടെ ജാതിയും ജീവിത സാഹചര്യവും കൂടി പരിഗണിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിച്ച് എത്രയും പെട്ടെന്ന് ഇക്കാര്യത്തിൽ അനുകൂലമായ നടപടി ഉണ്ടാകുമെന്ന് അറിയിക്കുവാൻ ഞാൻ ഈ സമയം ഉപയോഗിക്കുകയാണ്.

(9) കഴക്കൂട്ടം റെയിൽവേ ലൈൻ വൈദ്യുതീകരണത്തിനായി ടെക്നോപാർക്ക് സബ് സ്റ്റേഷനിൽനിന്നും ലൈൻ വലിക്കുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എം. എ. വാഹീദ്: സർ, കഴക്കൂട്ടം റെയിൽവേ ലൈൻ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ടെക്നോപാർക്ക് സബ്സ്റ്റേഷനിൽനിന്നും 110 കെ.വി. ഓവർ ഹെഡ് ലൈൻ വലിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ നടന്നുവരുകയാണ്. ഈ ലൈൻ കടന്നു പോകുന്നത് പുതിയതായി നിർമ്മിക്കാൻ പോകുന്ന ട്രിഡാ ബസ് സ്റ്റേഷന്റെ മുകളിൽക്കൂടിയും ഒരു ആശുപത്രിയുടെ മുകളിൽക്കൂടിയും അവിടത്തെ ജനനിബിഡമായ പ്രദേശത്തുകൂടിയുമാണ്. കേവലം 700 മീറ്റർ നീളം മാത്രമാണ് ഈ ലൈനിന് ഉള്ളത്. പക്ഷേ 1800 മീറ്റർ നീളമുള്ള എറണാകുളത്തെ ഇതേപോലുള്ള ലൈൻ അവിടെ കേബിൾ ആക്കിയിരിക്കുകയാണ്. കേബിൾ ഇടുകയാണെങ്കിൽ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ കഴിയും. അതുപോലെ റെയിൽവേയുടെ വൈദ്യുതീകരണവും നടക്കണം. റെയിൽവേയാണ് ഇതിന് പണമടയ്ക്കേണ്ടത്. റെയിൽവേയുമായി ബന്ധപ്പെട്ട് ഇത് കേബിൾ ലൈനാക്കി മാറ്റി ആ പ്രദേശത്തെ ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണം. ഒരു ആശുപത്രിയുടെയും ഒരു ബസ് സ്റ്റേഷന്റെയും, ബൈപാസിൽ 200 മീറ്ററോളം സ്ഥലത്തിന് മുകളിൽകൂടിയുമാണ് ഈ ലൈൻ കടന്നുപോകുന്നത്. അത് കഴിഞ്ഞ് മെയിൻ റോഡുണ്ട്. ആ മെയിൻ റോഡും കടന്നാണ് ഓവർഹെഡ് ലൈൻ പോകുന്നത്. അതുകൊണ്ട് ഇത് ഒഴിവാക്കണമെന്നുള്ള നാട്ടുകാരുടെ ആവശ്യം ബഹുമാനപ്പെട്ട സർക്കാർ പരിഗണിക്കണം എന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് എറണാകുളം-തിരുവനന്തപുരം റെയിൽവേ വൈദ്യുതീകരണത്തിനുവേണ്ടി ഒരു ലൈൻ എക്സ്റ്റൻഷൻ വേണമെന്നാണ്. കഴക്കൂട്ടത്ത് 110 കെ.വി. സബ് സ്റ്റേഷനിൽ നിന്നും 800 മീറ്റർ സിംഗിൾ സർക്യൂട്ട് ലൈൻ വലിക്കുവാനുള്ള റൂട്ട് 18-6-2003-ൽ ബോർഡ് നിശ്ചയിച്ചു. അതിനെതിരെ ഹൈക്കോടതിയിൽ കേസ് വന്നുവെങ്കിലും ഹൈക്കോടതി അത് തള്ളി. നമ്മുടെ ടെലിഗ്രാഫിക് ആക്ട് അനുസരിച്ച് എ.ഡി.എം. ആണ് ഇത് തീരുമാനിക്കേണ്ടത്. ഇത് ജുഡീഷ്യൽ ഫംങ്ഷൻസാണ്. അങ്ങനെ എ.ഡി.എം.-ന്റെ അടുത്ത് പെറ്റീഷൻ വന്നു,

LIBRARY ARCHIVES Kerala Legislative Assembly